കേരള സെക്കൻഡറി ഹെൽത്ത് സിസ്റ്റംസ് ഡെവലപ്പ്മെന്റ് പ്രോജക്ട്

*21 [649] *ശ്രീ. മഞ്ഞളാംകുഴി അലി :*
,, കെ. കെ. ജയചന്ദ്രൻ :
,, കെ. വി. കുഞ്ഞിരാമൻ :
,, വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി ലോക ബാങ്കിന്റെയും നബാർഡിന്റെയും ധനസഹായത്തോടെ നടപ്പിലാക്കുന്ന കേരള സെക്കൻഡറി ഹെൽത്ത് സിസ്റ്റംസ് ഡവലപ്പ്മെന്റ് പ്രോജക്ട് ഇപ്പോൾ ഏതു സ്റ്റേജിലാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്താൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതികൾക്ക് കേന്ദ്രസർക്കാരിൽനിന്നോ മറ്റ് ഏജൻസികളിൽനിന്നോ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ഡി) ആരോഗ്യമേഖലയുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)* :

(എ) ലോക ബാങ്ക് സഹായത്തോടെയുള്ള കേരള സെക്കൻഡറി ഹെൽത്ത് സിസ്റ്റം ഡവലപ്പ്മെന്റ് പ്രോജക്ട് നടപ്പിലാക്കുന്നതിന് ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നോഡൽ ആഫീസറായി ഒരു സ്റ്റിയറിംഗ് കമ്മിറ്റിയും ആരോഗ്യവകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർമാനായി 14 അംഗങ്ങളോടുകൂടിയ ഒരു പ്രോജക്ട് പ്രിപ്പറേഷൻ ടീമും രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) & (സി) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടെയും വികസനത്തിനായി കെട്ടിട നിർമ്മാണത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി പദ്ധതി തയ്യാറാക്കി നബാർഡ് ധനസഹായത്തിനായി സമർപ്പിച്ചിരുന്നു. ഇതിൻപ്രകാരം 12.82 കോടി രൂപ 90 സ്ഥാപനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആരോഗ്യമേഖലയുടെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. (1) സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനം (2) ജനറൽ ആശുപത്രികളിലെയും മെഡിക്കൽ കോളേജുകളിലെയും സൈക്യാട്രി വിഭാഗം മെച്ചപ്പെടുത്തുകയും ഡിഅഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുകയും ചെയ്യുക. (3) ട്രൈബൽ ഹെൽത്ത് പ്രോജക്ട് (4) ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഹെൽത്ത് പ്രോജക്ട് (5) കയർ തൊഴിലാളികൾക്കുള്ള ആരോഗ്യ പദ്ധതി. (6) മെഡിക്കൽകോളേജുകളിൽ ട്രോമാകെയർ സംവിധാനം നടപ്പിലാക്കുക. (7) തിരുവനന്തപുരം മെഡിക്കൽ കോളേജിനെ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് നിലവാരത്തിലേക്ക് ഉയർത്തുക.

വ്യാപകമാകുന്ന ഭിക്ഷാടന സംഘങ്ങൾ

*22 [T650] *ശ്രീ. തോമസ് ചാഴികാടൻ :*
,, *കെ. നാരായണക്കുറുപ്പ് :*
,, *റോഷി അഗസ്റ്റിൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും ഭിക്ഷാടകരെ കൊണ്ടുവന്ന് ഭിക്ഷ എടുപ്പിക്കുന്ന സംഘങ്ങൾ കേരളത്തിൽ വ്യാപകമായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഘങ്ങളുടെ നേതൃത്വത്തിൽ ഭവനഭേദനവും മോഷണവും നടക്കുന്നതായിട്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഭിക്ഷാടകരുടെ സംഘത്തിലുള്ള പെൺകുട്ടികളെ ലൈംഗിക ചൂഷണത്തിന് വിധേയരാക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം സംഘങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നതിനും കുട്ടികളെ ഇവരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും ഭിക്ഷാടകരെ കൊണ്ടുവന്ന് ഭിക്ഷ എടുപ്പിക്കുന്ന സംഘങ്ങൾ കേരളത്തിൽ വ്യാപകമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തിരുവനന്തപുരം സിറ്റിയിലും പരിസരങ്ങളിലും ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരെ നീക്കം ചെയ്ത് സംരക്ഷിക്കുന്നതിനും, പുനരധിവസിപ്പിക്കുന്നതിനും ഇന്ന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ഫലപ്രദമല്ല.

"T" ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly